## പതിനാലാം കേരള നിയമസഭ
### ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.501 — 24.01.2018-ൽ മറുപടിയ്ക്ക്

### ജി.എസ്.ടി. നടപ്പാക്കിയപ്പോൾ വരുമാനത്തിൽ ഉണ്ടായ വ്യത്യാസം

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ്<br>,, എം. വിൻസെന്റ്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.എസ്.ശിവകുമാർ : | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയ ആദ്യത്തെ 6 മാസം നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള വ്യത്യാസം വ്യക്തമാക്കുമോ; | (എ) & (ബി) | ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം ലഭിച്ചതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | | |
| (സി) | വേണ്ടത്ര പഠനങ്ങൾ നടത്താതെ ധൃതിപിടിച്ച് ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ദോഷകരമായി ബാധിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | ചരക്കുസേവനനികുതി നടപ്പിലാക്കുന്നതിനു മുമ്പ് ഉദ്യോഗസ്ഥ മന്ത്രി തലങ്ങളിൽ വിശദമായ ചർച്ചകളും പഠനങ്ങളും നടത്തിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി യുടെ അടിസ്ഥാനശിലയായ ജി.എസ്.ടി.എൻ സോഫ്റ്റ് വെയർ പൂർത്തിയാക്കുന്നതിനു മുമ്പ് ധൃതിയിൽ ജി.എസ്.ടി നടപ്പിലാക്കിയതാണ് നിലവിലുള്ള പ്രശ്നങ്ങൾക്കു കാരണം. ചരക്കുസേവനനികുതി നിയമപ്രകാരം അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മപരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ ജി.എസ്.ടി.എൻ പൂർണ്ണമായി പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി നടപ്പിലാക്കിയത് സംസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും ഒരുപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഒരു പരിധിവരെ ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് പ്രതീക്ഷിച്ച നികുതി ലഭ്യമാകാത്തതിന്റെ പ്രധാനകാരണങ്ങളിലൊന്നാണ്. എന്നാൽ ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം നൽകുന്നുണ്ട്. |
| (ഡി) | എങ്കിൽ സമ്പദ്ഘടനയെ ശരിയായ പാതയിലെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ചരക്ക സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ ജി.എസ്.ടി. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകം തന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി കൗൺസിലിനെക്കൊണ്ട് പരമാവധി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തി വരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**